(സി) 30 തോട്ടങ്ങൾ നിലവിൽ ലോക്കൗട്ട് ചെയ്യപ്പെട്ടുകിടക്കുന്നു. അവയുടെ ലിസ്റ്റും തൊഴിലാളികളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു. †

അടച്ചുപൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

51 [2920] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടച്ചുപൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്കുള്ള പി. എഫ്., ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ആനുകൂല്യങ്ങൾ നൽകുന്നതിനായി എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തോട്ടങ്ങൾ അടച്ചുപൂട്ടിയതിനെ തുടർന്ന് തൊഴിലാളികളുടെ സ്റ്റാറ്റ്യൂട്ടറി ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഗണിച്ച് തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പൂട്ടിക്കിടക്കുന്ന വൻകിട തോട്ടങ്ങളിലെ ഉടമകൾ അടയ്ക്കേണ്ട പി. എഫ്. കുടിശ്ശിക എത്രയാണെന്നും ഏതെല്ലാം തോട്ടം ഉടമകളിൽ നിന്നാണ് ഈ പി. എഫ്. കുടിശ്ശിക ലഭിക്കുവാനുള്ളത് എന്നും വെളിപ്പെടുത്താമോ;

(ഇ) ഇപ്രകാരം പി. എഫ്. കുടിശ്ശിക വരുത്തിയിട്ടുള്ള ഏതെങ്കിലും തോട്ടം ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) പി. എഫ്., ഗ്രാറ്റുവിറ്റി കേസ്സുകൾ സമയബന്ധിതമായി തീർക്കുന്നതിന് തൊഴിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഗ്രാറ്റുവിറ്റി ആനുകൂല്യം നൽകാത്ത തോട്ടം ഉടമകൾക്കെതിരെ റവന്യൂ റിക്കവറി ഉൾപ്പെടേയുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. പി. എഫ്. വിഹിതം അടയ്ക്കാത്ത തോട്ടം ഉടമകൾക്കെതിരെ പി. എഫ്. ആക്ടിന്റെ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ പി. എഫ്. അധികാരികൾ സ്വീകരിച്ചുവരുന്നു.

(ബി, സി) ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ ബോണക്കാട്, ഇൻവർകാഡ് എന്നീ തോട്ടങ്ങളിലെ ചില തൊഴിലാളികൾ ഗ്രാറ്റുവിറ്റിക്കു വേണ്ടി നൽകിയ അപേക്ഷകളിൻമേൽ ഉത്തരവുണ്ടായിട്ടുണ്ട്. ഗ്രാറ്റുവിറ്റി തുക നൽകാത്തതിന് ബോണക്കാട് എസ്റ്റേറ്റ് ഉടമയ്ക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഗ്രാറ്റുവിറ്റി നൽകാത്ത ഒൻപത് തോട്ടം ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

† അനുബന്ധം VII.

LIBRARY ARCHIVES Kerala Legislative Assembly

(ഡി, ഇ) പി. എഫ്. സംബന്ധിച്ച വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ മുഖേനയാണ് നടപടികൾ സ്വീകരിക്കുന്നത്. പി. എഫ്. കുടിശ്ശിക സംബന്ധിച്ചും പ്രോസിക്യൂഷൻ നടപടി സംബന്ധിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(എഫ്) 1972-ലെ ഗ്രാറ്റുവിറ്റി നിയമം അനുസരിച്ചുള്ള കൺട്രോളിംഗ് അതോറിറ്റിയായ ജില്ലാ ലേബർ ഓഫീസർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൻമേൽ ജില്ലാ ലേബർ ഓഫീസർ സമയ ബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

തയ്യൽ തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സർക്കാരിന്റെ അംശദായ വിഹിതം

52 [2921] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തയ്യൽ തൊഴിലാളി ക്ഷേമ നിധിയിലേക്കുള്ള സർക്കാരിന്റെ അംശദായ വിഹിതം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അംശദായ വിഹിതമായി ഈ സർക്കാരിന്റെ കാലയളവിൽ നൽകിയ തുകയെത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; നൽകേണ്ട തുക എത്രയാണ്;

(സി) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സർക്കാരിന്റെ മുമ്പാകെയുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ഡി) എ. കെ. ടി. എ. നൽകിയ പ്രപ്പോസലും അതിൻമേൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

ഉത്തരം

(എ,ബി) ഈ സർക്കാരിന്റെ കാലയളവിൽ നൽകിയ അംശദായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

വർഷം	സർക്കാർ വിഹിതമായി നൽകേണ്ടത്	നൽകിയത്
2001-02	24,31,455	
2002-03	28,63,535	1,00,000
2003-04	24,49,626	1,00,000
2004-05	26,01,087 (ആഡിറ്റ് ചെയ്യാത്തത്)	12,16,000

(സി) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ അംഗങ്ങൾക്ക് ചികിത്സാസഹായ പദ്ധതി, അംഗതൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പിന്റെ പരിധിയിൽ കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തുക, അംഗതൊഴിലാളികളുടേയും തൊഴിലുടമകളു

LIBRARY ARCHIVES Kerala Legislative Assembly